**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2201** **12-02-2024 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് ജില്ലയിലെ കുടുംബ കോടതികൾ**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. ടി. പി .രാമകൃഷ്ണൻ** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | കോഴിക്കോട് ജില്ലയിൽ എത്ര കുടുംബകോടതികൾ ഉണ്ട്; വിശദാംശങ്ങൾ നൽകാമോ; | (എ) | കോഴിക്കോട് ജില്ലയിൽ കോഴിക്കോട്, വടകര എന്നിവിടങ്ങളിലായി രണ്ട് കുടുംബകോടതികൾ ഉണ്ട്. |
| (ബി) | വടകര കുടുംബകോടതിയുടെ പരിധിയിൽ ഏതൊക്കെ താലൂക്കുകളാണ് ഉൾപ്പെട്ടിട്ടുള്ളത്; നിലവിൽ വടകര കുടുംബ കോടതിയിൽ എത്ര കേസുകൾ പരിഗണനയിൽ ഉണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | വടകര,കൊയിലാണ്ടി താലൂക്കുകളിലെ എല്ലാ വില്ലേജുകളും,താമരശ്ശേരി താലൂക്കിലെ അഞ്ച് വില്ലേജുകളും വടകര കുടുംബകോടതിയുടെ പരിധിയിൽ ഉൾപ്പെടുന്നു.<br>31.01.2024 വരെ വടകര കുടുംബകോടതിയിൽ 2038 കേസുകൾ തീർപ്പാക്കാൻ ശേഷിയ്ക്കുന്നുണ്ട്. |
| (സി) | നിലവിൽ പരിഗണനയിൽ ഉള്ള കേസുകൾ തീർപ്പാക്കുന്നതിന് താലൂക്ക് തല അദാലത്തുകൾ പരിഗണിക്കുന്നുണ്ടോ; | (സി) | ഇല്ല |
| (ഡി) | പേരാമ്പ്രയിൽ കുടുംബകോടതി അനുവദിക്കണമെന്ന് പേരാമ്പ്ര ബാർ അസോസിയേഷന്റെ നിവേദനം ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം സർക്കാറിന്റെ പരിഗണനയിലുണ്ടോ? | (ഡി) | ഉണ്ട്. പേരാമ്പ്രയിൽ കുടുംബകോടതി സ്ഥാപിക്കുന്നതിന് ഹൈക്കോടതിയുടെ ശിപാർശ ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ